# ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി ഇന്ത്യ
# 24-ാം അഖിലേന്ത്യാ സെമിനാർ

❖

**2015 മാർച്ച് 1-3**
**ദാറുൽ ഉലൂം ഇസ്‌ലാമിയ്യ**
**ഓച്ചിറ, കൊല്ലം, കേരള.**

❖

മുഖ്യ പ്രഭാഷണം:
**അല്ലാമാ ഖാലിദ് സൈഫുല്ലാഹ് റഹ്മാനി**
(ജന:സെക്രട്ടറി ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി ഇന്ത്യ)

മാർച്ച് ഒന്നാം തിയ്യതി കേരളത്തിലെ ഓച്ചിറ, ദാറുൽ ഉലൂമിൽ ഇസ്ലാമിക് ഫിഖ്ഹ് അക്കാഡമി ഇന്ത്യയുടെ അഖിലേന്ത്യാ സെമിനാറിനോടനുബന്ധിച്ച് ഫിഖ്ഹ് അക്കാഡമിയുടെ പ്രധാന നായകനായ വിശ്വപണ്ഡിതൻ അല്ലാമാ ഖാലിദ് സൈഫുല്ലാഹ് റഹ്മാനി തയ്യാറാക്കിയ മുഖ്യപ്രഭാഷണം.

ആദരണീയ അദ്ധ്യക്ഷൻ, ഇന്ത്യാ മഹാരാജ്യത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും യാത്ര ചെയ്തു വന്നെത്തിയ പണ്ഡിത പടുക്കൾ, കേരളത്തിന്റെ വ്യത്യസ്ഥ സ്ഥലങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആഗതരായ പണ്ഡിത മഹത്തുക്കൾ ചരിത്രപരമായി സ്ഥാനമുള്ള കേരളത്തിലെ വൈജ്ഞാനിക ആകാശത്തിൽ താരങ്ങൾ ഇപ്പോൾ പ്രകാശിച്ചു നിൽക്കുകയാണ്. അല്ലാഹു നമ്മുടെ ഈ സംഗമത്തെ സ്വീകരിക്കുമാറാകട്ടെ!

പ്രകൃതിപരമായ സൗന്ദര്യങ്ങളുടെ കേന്ദ്രമെന്നു വിശേഷണം സിദ്ധിച്ച നാടാണ് കേരളം. ഇവിടെ ഒരു ഭാഗത്ത് സമുദ്രത്തിലെ തുള്ളിച്ചാടുന്ന തിരമാലകൾ ആകർഷണ കേന്ദ്രമാണെങ്കിൽ മറു ഭാഗത്ത്, പച്ച പുതച്ച പർവ്വത നിരകൾ ആനന്ദത്തിന്റെ അന്തരീക്ഷമൊരുക്കുന്നു. ഇവിടത്തെ വഴികളിലൂടെ കടന്നു പോകുന്നവർ ഇതിന്റെ ഭംഗി കണ്ട് സന്തോഷിക്കുകയും പലപ്പോഴും അത്ഭുതപ്പെടുകയും ചെയ്യാറുണ്ട്. പ്രകൃതിപരമായ ഈ സൗന്ദര്യത്തോടൊപ്പം ഇന്ത്യയിലെ എല്ലാ മുസ്ലിംകൾക്കും ഈ നാടിനോടുള്ള സ്നേഹത്തിന് പ്രധാനപ്പെട്ട മറ്റൊരു കാരണം കൂടിയുണ്ട്. ഈ നാട് ഇന്ത്യയിലേക്കുള്ള ഇസ്ലാമിന്റെ ബാബുദ്ദാഖില (പ്രവേശന ക

വാടം) യാണ്. ബ്രിട്ടീഷുകാർ ബോംബെയിൽ ഗെയ്റ്റ് വെ ഓഫ് ഇന്ത്യ നിർമ്മിച്ചെങ്കിൽ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഗെയ്റ്റ് വെ ഓഫ് ഇന്ത്യ നിർമ്മിക്കാൻ ഏറ്റവും അർഹതപ്പെട്ട സ്ഥലം കേരളത്തിന്റെ തീരമാണ്. കാരണം, ഈ അനുഗ്രഹീത തീരത്താണ് മക്കത്തുൽ മുകർറമയിൽ നിന്നും ഉദിച്ചുയർന്ന ലോകത്തിന്റെ പ്രകാശ കിരണങ്ങൾ ഇന്ത്യയിൽ ആദ്യമായി പതിച്ചത്. അന്ധവിശ്വാസങ്ങളുടെയും ബഹുദൈവാരാധനകളുടെയും ഈ നാട്ടിൽ തൗഹീദിന്റെ പ്രഭ ആദ്യമായി പ്രവേശിച്ചത് ഈ തീരത്താണ്.

കേരളത്തിന് അറബികളുമായി ഇസ്‌ലാമിനു മുമ്പുതന്നെ ബന്ധമുണ്ടായിരുന്നു. ഇവിടെയുള്ള പല ഉൽപന്നങ്ങളും അറബിനാടുകളിൽ സുലഭമായി ലഭിച്ചിരുന്നു. എന്നാൽ, മുഹമ്മദീ നുബുവ്വത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ കേരളവും ഇസ്‌ലാമും തമ്മിൽ ബന്ധം സ്ഥാപിക്കുകയുണ്ടായി. ചില നിവേദനങ്ങളിൽ ഇപ്രകാരം വന്നിരിക്കുന്നു: റസൂലുല്ലാഹി (സ)യുടെ, ചന്ദ്രൻ പിളർന്ന മുഅ്ജിസത്ത് സംഭവിച്ചപ്പോൾ കേരളത്തിലെ ഒരു രാജാവ് ആ ദൃശ്യം നേരിട്ടു കാണുകയും അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാൻ അതിയായി ആഗ്രഹിക്കുകയും ചെയ്തു. ഇതിനിടയിൽ ഏതാനും അറബി വ്യാപാരികളെ കണ്ടപ്പോൾ അവരിലൂടെ ഇതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുകയും അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. സുപ്രസിദ്ധ ഓറിയന്റലിസ്റ്റ് ആർനോൾഡും അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ഈ സംഭവം അനുസ്മരിച്ചിട്ടുണ്ട്. ഇപ്രകാരം ഹാകിം നൈസാബൂരി (റഹ്) ഉദ്ധരിച്ച ഒരു ഹദീസിൽ ഇന്ത്യയിലെ ഒരു രാജാവ് റസൂലുല്ലാഹി (സ) തങ്ങൾക്ക് ചുക്കും കുരുമുളകും ഉപഹാരമായി സമർപ്പിച്ചു എന്നു വന്നിരിക്കുന്നു. ഇതും കേരളക്കാരനായ പ്രസ്തുത രാജാവിനെ കുറിച്ചാകാനാണ് സാധ്യത (മുസ്തദ്റക് ഹാകിം: ഹദീസ് 7190) ഈ രാജാവ് ഇസ്‌ലാം സ്വീകരിക്കാൻ റസൂലുല്ലാഹി (സ)യുടെ സന്നിധിയിൽ ഹാജരായി, മടക്കയാത്രയിൽ അദ്ദേഹം മരണപ്പെടുകയും ഒമാനിലെ സലാലയിൽ ഖബറടക്കപ്പെടുകയും ചെയ്തു. ചുരുക്കത്തിൽ, റസൂലുല്ലാഹി (സ)യുടെ കാലഘട്ടത്തിൽ തന്നെ ഇസ്‌ലാമിന്റെ പ്രകാശം ഈ

പ്രദേശത്ത് എത്തി എന്ന കാര്യം ചരിത്രങ്ങളിലൂടെ വ്യക്തമാകുന്നു. ഉസ്മാൻ (റ) ന്റെ കാലഘട്ടത്തിൽ മുഗീറത്തുബ്നു ശുഅ്ബ (റ) കോഴിക്കോട്ടു വന്നതായും അവിടെ ഒരു മസ്ജിദ് സ്ഥാപിച്ചതായും വന്നിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ മസ്ജിദ് കേരളത്തിലെ കൊടുങ്ങല്ലൂരിൽ സ്ഥാപിക്കപ്പെട്ട ചേരമാൻ മസ്ജിദ് ആണ് എന്ന കാര്യം കേരളത്തിന്റെ സൗഭാഗ്യ ലക്ഷണമാണ്. പ്രസിദ്ധ താബിഈ മാലികുബ്നു ദീനാറിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ സഹോദരപുത്രൻ മാലികുബ്നു ഹബീബാണ് ഇതു നിർമ്മിച്ചത്. ഹിജ്റ 21 റമളാൻ 27 നാണ് അതിന്റെ ശിലാസ്ഥാപനം നടത്തിയതെന്നു പറയപ്പെടുന്നു. തുടർന്ന് അദ്ദേഹം കേരളത്തിന്റെയും തമിഴ്നാട്, കർണ്ണാടകയുടെയും വിവിധ ഭാഗങ്ങളിൽ ധാരാളം മസ്ജിദുകൾ സ്ഥാപിക്കുകയുണ്ടായി.

വിനീതനെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ വൈജ്ഞാനിക രചനകളിൽ ശൈഖ് അഹ്മദ് സൈനുദ്ദീൻ (റഹ്)യുടെ ഫത്ഹുൽ മുഈൻ എന്ന രചന മാത്രമേ അറിയാമായിരുന്നുള്ളൂ. എന്നാൽ, മൗലാനാ അബ്ദുൽ ഗഫൂർ ഖാസിമിയുടെ അൽമുസ്ലിമൂന ഫീ കേരള എന്ന ഗ്രന്ഥം വായിച്ചപ്പോൾ ഈ നാട് വൈജ്ഞാനികമായി വളറെ ഉയർന്നതാണെന്നും അഞ്ഞൂറിലേറെ അറബി രചനകൾ ഇവിടെ രചിക്കപ്പെട്ടിട്ടുണ്ടെന്നും അറിയാൻ സാധിച്ചു. ഈ അടിസ്ഥാനത്തിൽ കേരളം വിജ്ഞാനത്തിന്റെയും കേന്ദ്രസ്ഥാനത്താണ് നിലയുറപ്പിച്ചിരിക്കുന്നത്.

കേരള മുസ്ലിംകൾ പ്രയാസങ്ങളുടെയും പ്രശ്നങ്ങളുടെയും ധാരാളം ഘട്ടങ്ങൾ പിന്നിട്ടവരാണ്. പോർച്ചുഗീസുകാർ ഇവരുടെ മേൽ നടത്തിയ അക്രമങ്ങൾ വിവരിക്കാൻ വാചകങ്ങളില്ല. ഇവരെ ക്രൈസ്തവരാക്കാൻ കുത്സിതമായി ശ്രമം നടന്നു. എന്നാൽ, അതിനെതിരിൽ ചിതറാത്ത ചിത്തത്തോടെ ഇവർ നിലയുറപ്പിച്ചത് ചരിത്രത്തിലെ ഒരു സുവർണ്ണ അദ്ധ്യായമാണ്. വ്യത്യസ്ഥ ഘട്ടങ്ങൾ പിന്നിട്ട കേരള മുസ്ലിംകൾ ഇന്ന് വളരെ നല്ല അവസ്ഥയിലാണ് എന്ന കാര്യം കൂടി അല്ലാഹുവിനു നന്ദി രേഖപ്പെടുത്തിക്കൊണ്ട് നാം അനുസ്മരിക്കേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിൽ ഇന്ത്യൻ മുസ്ലിംകൾക്ക് മഹത്തായ മാതൃ

കയാണ് കേരള മുസ്‌ലിംകൾ. കാലിക വിദ്യാഭ്യാസത്തോടൊപ്പം അടിസ്ഥാന ദീനീ വിദ്യാഭ്യാസങ്ങളുടെ പ്രചാരണവും മദ്റസ ജാമിഅകളുടെ ആധിക്യവും ബാലവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സജ്ജീകരണവും പൗരാണിക ശൈലിയിൽ മസ്ജിദുകളിൽ തന്നെ തുടക്കം മുതൽ ഒടുക്കം വരെയും ഇസ്‌ലാമിക വിദ്യാഭ്യാസം നൽകുന്ന മാതൃകയും വളരെയധികം അനുകരണീയമാണ്. കൂടാതെ, ഇസ്‌ലാമിക രോഷവും ഇസ്‌ലാമിക സംസ്കാരത്തോടുള്ള പ്രതിബദ്ധതയും കേരള മുസ്‌ലിംകളുടെ രണ്ട് മഹൽഗുണങ്ങളാണ്. പൂർവ്വികരിൽ നിന്നും പരമ്പരാഗതമായി നേടിയെടുത്ത ഈ ഗുണങ്ങൾ ഇതര നാട്ടുകാർ പഠിക്കേണ്ടതും പകർത്തേണ്ടതുമാണ്.

ബഹുമാന്യരെ,

മഹത്തായ ഇന്ത്യാ രാജ്യം ദിശമാറി സഞ്ചരിക്കുന്ന ഒരു നിർണ്ണായക ഘട്ടത്തിൽ എത്തി നിൽക്കുന്ന സന്ദർഭത്തിലാണ് ഓൾ ഇന്ത്യാ ഫിഖ്ഹ് അക്കാഡമിയുടെ 24-ാം സെമിനാർ കേരളത്തിൽ നടക്കുന്നത്. ഇന്ത്യാരാജ്യത്തെ വിവിധ പുഷ്പങ്ങൾ വിരിഞ്ഞു നിൽക്കുന്ന പൂവനത്തിന് പകരം കുറെ കള്ളിമുൾച്ചെടികൾ മാത്രം നിറഞ്ഞ വനാന്തരമാക്കി മാറ്റാനുള്ള ശ്രമം ഇവിടെ ശക്തി പ്രാപിച്ചിരിക്കുന്നു. മുൻഗാമികൾ ത്യാഗത്തിലൂടെ കെട്ടിപ്പടുത്ത മനോഹരമായ ഇന്ത്യയെ പ്രശ്ന സങ്കീർണ്ണമായ ഒരു ദുരന്തഭൂമിയാക്കാനുള്ള ശ്രമവും നടന്നുകൊണ്ടിരിക്കുന്നു. ഇത്തരം സങ്കീർണ്ണമായ ഘട്ടത്തിൽ പണ്ഡിതൻമാരുടെ ദൗത്യം വളരെ വലുതാണ്. റസൂലുല്ലാഹി (സ) അരുളി; പണ്ഡിതൻമാരുടെ ഉദാഹരണം ആകാശത്തിലെ താരങ്ങളെപ്പോലെയാണ്. കടലിലും കരയിലുമുള്ള ഇരുളുകൾക്കിടയിൽ അത് കണ്ട്കൊണ്ട് ജനങ്ങൾ വഴി മനസ്സിലാക്കുന്നു. നക്ഷത്രങ്ങൾ അസ്തമിച്ചാൽ യാത്രികർ വഴിപിഴച്ച് പോകാൻ സാധ്യതയുണ്ട്. (മുസ്നദ് അഹ്മദ്) അതെ, ഉലമാഇന് ഭക്തൻമാരെക്കാളും സ്ഥാനം നൽകപ്പെട്ടതും, വിജ്ഞാനത്തിന് ആരാധനയെക്കാൾ ശ്രേഷ്ടത വിവരിക്കപ്പെട്ടതും, പണ്ഡിതൻമാർ മാർഗ്ഗദർശകരായത് കൊണ്ടാണ്. റസൂലുല്ലാഹി (സ) യിലേക്ക് നോക്കുക. ദീനിന്റെ സകല മേഖലകളേയും ഒരുപോലെ സേവിച്ചിരുന്നു. റസൂലുല്ലാഹി (സ) പ്രബോധകനും പോരാളിയും പ്രഭാഷകനും

ആത്മസംസ്കരണം നൽകുന്നവരും നമസ്കാരത്തിന്റെ ഇമാമും ഭരണകൂടത്തിന്റെ നേതാവുമായിരുന്നു. റസൂലുല്ലാഹി (സ) യുടെ വ്യക്തിത്വത്തിൽ സകല സത്ഗുണങ്ങളും സമ്പൂർണ്ണമായി സമ്മേളിച്ചിരുന്നു. എന്നാൽ, റസൂലുല്ലാഹി (സ) തങ്ങൾക്കു ശേഷം ദീനിന്റെ കാര്യം രണ്ടായി പിരിഞ്ഞു. ഒന്ന്, മുഴുവൻ സമുദായത്തിനും ബാധ്യതയായിട്ടുള്ളത്. രണ്ട്, പണ്ഡിതൻമാർക്ക് മാത്രം കടമയായിട്ടുള്ളത്. ഇതിൽ മൂന്ന് കാര്യങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ പണ്ഡിത മഹത്തുക്കൾ വളരെയധികം ശ്രദ്ധിക്കേണ്ടതാണ്.

ഒന്ന്, ഇസ്ലാമിക ശരീഅത്തിനെ ശരിയായ നിലയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. രണ്ട്, ആഭ്യന്തര പ്രശ്നങ്ങളിൽ നിന്നും സമുദായത്തെ സംരക്ഷിക്കുക. മൂന്ന്, ശത്രുക്കളുടെ വൈജ്ഞാനിക ചിന്താ അക്രമങ്ങളെ നേരിടുക.

ശരീഅത്തിന്റെ നിയമങ്ങളിൽ ഭൂരിഭാഗവും പരിശുദ്ധ ഖുർആനും പുണ്യ ഹദീസും ഇജ്മാഉം കൊണ്ട് വ്യക്തമായി സ്ഥിരപ്പെട്ട കാര്യങ്ങളാണ്. ഈ വിഷയങ്ങളിൽ സമുദായത്തിലെ പരിഗണനീയ പണ്ഡിതൻമാർക്കിടയിൽ പ്രത്യേകമായ അഭിപ്രായ വ്യത്യാസങ്ങളൊന്നുമില്ല. എന്നാൽ, മറ്റുചില നിയമങ്ങളിൽ ബാഹ്യമായി ഖുർആൻ ഹദീസുകളുടെ  വചനങ്ങൾ പരസ്പര വിരുദ്ധമായി കാണപ്പെടും. അല്ലെങ്കിൽ അതിൽ പല അർത്ഥങ്ങൾക്ക് സാധ്യതയുണ്ടാകും. ഇതിൽ എല്ലാകാലഘട്ടത്തിലും പണ്ഡിതൻമാർക്കിടയിൽ ഭിന്നത ഉണ്ടായിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ കഴിഞ്ഞ കാലഘട്ടത്തിലും ഭിന്നതയുണ്ടായിട്ടുള്ളതു പോലെ ഇന്നത്തെ കാലഘട്ടത്തിലും ഭിന്നതകൾ ഉണ്ടാകുക സ്വാഭാവികമാണ്. ഇതിൽ പഠനങ്ങൾ നടത്താൻ മൂന്നു കാര്യങ്ങളാണ് പ്രധാനമായും ചെയ്യാറുള്ളത്. ഒന്ന്, തെളിവ് കണ്ടെത്തുക. രണ്ട്, തെളിവിലെ ന്യായം കണ്ടെത്തുക. മൂന്ന്, ആ ന്യായവും ഒരു വിഷയവുമായി ബന്ധിപ്പിക്കുക. തെളിവ് കണ്ടെത്തുകയെന്നാൽ ഹദീസുകളിലൂടെ സ്ഥിരപ്പെട്ട കാര്യങ്ങൾ ശരിയായ നിലയിൽ ഉറപ്പിക്കുക. അത് പണ്ഡിതൻമാർ സ്വീകരിച്ചതാണോ? അതിന്റെ വചനങ്ങൾ ഏതാണ്? വചനങ്ങൾക്ക് ഏതെല്ലാം ആശയങ്ങൾ പറയാൻ സാധിക്കും.? എന്നീ വിഷയങ്ങൾ മുഹദ്ദിസുകളും ഫുഖഹാക്കളും ഈ കാര്യം വി

ശദമായി കഴിഞ്ഞ കാലഘട്ടങ്ങളിൽ നിർവ്വഹിച്ചു കഴിഞ്ഞു. ഇതിൽ പുതിയ പരിശ്രമത്തിന്റെ ആവശ്യമൊന്നുമില്ല. ആരെങ്കിലും ഈ വിഷയത്തിൽ പുതുതായി പഠനങ്ങൾ നടത്തുന്നത് സമയവും ശേഷിയും പാഴാക്കൽ മാത്രമാണ്. രണ്ടാമത്തെ കർത്തവ്യം ന്യായം കണ്ടെത്തലാണ്. ഖുർആനിലും ഹദീസിലും രണ്ട് തരം കൽപന കളാണുള്ളത്. ഒന്ന്, തഅബ്ബുദിയ്യ്; ന്യായം പറയാത്ത കല്പനകൾ. രണ്ട്, ന്യായം പറയപ്പെട്ട കല്പനകൾ. ഇത് രണ്ടിന്റെയും ന്യായ ങ്ങൾ കണ്ടെത്താൻ പണ്ഡിതൻമാർ പരിശ്രമിക്കേണ്ടതാണ്. ശരീഅത്തിൽ ഒരു നിയമം പോലും ശരിയായ ന്യായങ്ങൾക്ക് വിരുദ്ധമല്ല എന്ന് അല്ലാമാ ഇസ്സുദ്ദീനുബ്നു അബ്ദുസ്സലാം പ്രസ്താവിക്കുന്നു. അല്ലാഹു മുൻഗാമികളായ മഹത്തുകൾക്ക് ഉന്നത പ്രതിഫലം നൽകുമാറാകട്ടെ! അവർ ഈ വിഷയത്തിലും സമ്പൂർണ്ണമായ സേവനം കാഴ്ചവെച്ചു കഴിഞ്ഞു. ഇനി ഇതിൽ പ്രത്യേകം കൂട്ടിച്ചേർക്കലുകൾക്ക് ആവശ്യമില്ലാത്ത നിലയിൽ അവർ കാര്യം പൂർത്തീകരിച്ചു കഴിഞ്ഞു. മൂന്നാമത്തെ ജോലി ആ ന്യായത്തെ ഇന്നത്തെ വിഷയവുമായി ബന്ധിപ്പിക്കലാണ്. ഓരോ കാലഘട്ടത്തിലും ഉണ്ടാകുന്ന വിഷയങ്ങളുമായി ഈ ന്യായങ്ങൾക്ക് ബന്ധമുണ്ടോ എന്ന് നോക്കുകയും ആ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം പറയുകയും ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ കർത്തവ്യം ആദ്യകാലഘട്ടം മുതൽ ഇന്നുവരെയും തുടരുന്നുണ്ട്. എന്നും തുടരുകയും ചെയ്യും. ഈ വിഷയത്തിലുള്ള പണ്ഡിതൻമാരുടെ ഒരു കൂട്ടായ്മയാണ് ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി ഇന്ത്യ. ഇതിന്റെ ലക്ഷ്യം ആധുനിക കാലഘട്ടത്തിൽ ഉയരുന്ന വിവിധങ്ങളായ പ്രശ്നങ്ങളെ സംയുക്തമായ പരിശ്രമത്തിലൂടെ കാരണങ്ങളും നിയമങ്ങളും കണ്ടെത്തി സമുദായത്തിന് മനസ്സിലാക്കിത്തരലാണ്. അല്ലാഹുവിന്റെ കൃപ കൊണ്ട് അക്കാഡമിയുടെ ഈ പരിശ്രമങ്ങൾ ലോകം മുഴുവനും വളരെ സ്വീകാര്യത കൈവരിച്ചിരിക്കുന്നു. അക്കാദമിയുടെ സംസ്ഥാപനത്തിന് ശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം ധാരാളം കൂട്ടായ്മകൾ നിലവിൽ വന്നു. ഇസ്‌ലാമെന്നാൽ സജീവമായ ഒരു ജീവിതപദ്ധതിയാണെന്നും മനുഷ്യപ്രകൃതിയോട് തീർത്തും ഇണക്കമുള്ളതാണെന്നും

ഇസ്‌ലാമിക സന്ദേശങ്ങൾ മധ്യമവും മഹത്തരവുമാണെന്നും മാന്യവും സമുന്നതവുമാണെന്നും ഇസ്‌ലാമിക സന്ദേശങ്ങൾക്ക് എല്ലാ കാലഘട്ടത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കാനും മനുഷ്യരെ ഉത്തമവഴിയിലൂടെ നയിക്കാനും കഴിയുന്നതാണെന്നും ഇതിലൂടെ സ്ഥിരപ്പെട്ടിരിക്കുന്നു. അല്ലാഹു ഇതിന്റെ കർത്തവ്യങ്ങൾ നല്ല നിലയിൽ നിർവ്വഹിച്ച് മുമ്പോട്ട് നീങ്ങാൻ നമുക്കെല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ.!

ആദരണീയരെ,

പണ്ഡിതൻമാരുമായി ബന്ധപ്പെട്ട രണ്ടാമത്തെ സുപ്രധാന കർത്തവ്യം അകത്തുള്ള പ്രശ്നങ്ങളിൽ നിന്നും സമുദായത്തെ സംരക്ഷിക്കലാണ്. അകത്തുള്ള പ്രശ്നങ്ങൾ അടിസ്ഥാനപരമായി രണ്ട് വിഭാഗമാണ്. തീവ്രതയും പുരോഗമന വാദവും. തീവ്രതയെന്നാൽ ദീനിന്റെ ഏതെങ്കിലും ഒരു കല്പനയെ അതിന്റെ യഥാർത്ഥ സ്ഥാനത്തെക്കാളും ഉയർത്തലും അതിനനുസരിച്ച് തീരുമാനങ്ങൾ പ്രഖ്യാപിക്കലുമാണ്. ഇക്കാലഘട്ടത്തിൽ ലോകം മുഴുവൻ മുസ്‌ലിംകൾക്കിടയിൽ നടന്നുകൊണ്ടിരിക്കുന്ന കാഫിറാക്കൽ ഫിത്ന ഇതിൽപ്പെട്ടതാണ്. ഈ പ്രശ്നം പാരമ്യം പ്രാപിച്ചിരിക്കുകയാണ്. പലവിഭാഗങ്ങളും മറുവിഭാഗങ്ങളെ ഒന്നുകിൽ കാഫിറായി കാണുന്നു. അല്ലെങ്കിൽ കുറഞ്ഞപക്ഷം വഴികെട്ടവരും വഴികെടുത്തുന്നവരുമായി വാദിക്കുന്നു. എന്തിനേറെ മധ്യമനിലപാടിൽ ഉറച്ചു നിൽക്കുന്നവരെന്നു ധരിക്കപ്പെട്ടിരുന്ന പലരും ഇപ്പോൾ ഈ വിഷയത്തിൽ പരിധി ലംഘിക്കാൻ തുടങ്ങിയിരിക്കുന്നു. അവർക്കിടയിൽ തന്നെ അത് കാരണം പല പ്രശ്നങ്ങളും ഉണ്ടാകുന്നു. വിശിഷ്യാ, മറുവിഭാഗത്തിൽ നിന്നും പരിധിലംഘനം ഉണ്ടായാൽ പലരുടെയും മധ്യമ നിലപാട് നഷ്ടപ്പെട്ടുപോകുന്നു. യഥാർത്ഥത്തിൽ, മറുവിഭാഗം പരിധി ലംഘിക്കുമ്പോഴാണ് ഒരു മനുഷ്യന്റെ മധ്യമ നിലപാട് പരീക്ഷിക്കപ്പെടുന്നത്.

തീവ്രതയുടെ ഈ കാഴ്ചപ്പാടിലൂടെ ഉണ്ടായിട്ടുള്ള നാശങ്ങൾ, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള തകർച്ചയിൽ, ഇന്ന് മുസ്‌ലിംലോകത്തെ കൊണ്ടെത്തിച്ചിരിക്കുകയാണ്. ചിലയിടങ്ങളിൽ മുസ്‌ലിംകൾ തന്നെ, സ്വന്തം സഹോദരങ്ങളെ അറുകൊ

ല ചെയ്യുന്നു. മറ്റു ചിലയിടങ്ങളിൽ മുസ്‌ലിം ഭരണാധികാരികൾ ക്കെതിരിൽ പോരാട്ടം നടക്കുന്നു. വേറെ ചില സ്ഥലങ്ങളിൽ ദീനി നെ പിന്തുണക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടങ്ങളെ തകി ടം മറിക്കുന്നു. പണ്ഡിതൻമാരെയും മതനേതാക്കളെയും നിർഭ യം വധിച്ചുകൊണ്ടിരിക്കുന്നു. ജനാധിപത്യരാജ്യങ്ങളിൽ പലരും നിയമം കയ്യിലെടുത്ത് കളിക്കുന്നു. ജിഹാദിന്റെ നിബന്ധനകൾ ഇ ല്ലാതെ തന്നെ ജിഹാദിന്റെ പേര് പറഞ്ഞ് കൊള്ളകളും കൊലക ളും നടത്തുകയും ഫസാദിനെ ജിഹാദെന്ന പേരിൽ അനുസ്മരി ക്കുകയും ചെയ്യുന്നു. മറുഭാഗത്ത് സമാധാനപരമായ പരിശ്രമങ്ങ ളെയും ഭരണകൂടത്തിന് നേരെയുള്ള നിർമാണാത്മക വിമർശന ങ്ങളെയും നാശമെന്ന് ചിത്രീകരിച്ചുകൊണ്ട് ചില ഭരണകൂടങ്ങൾ അക്രമങ്ങൾ കാട്ടിക്കൂട്ടുന്നു. ഇതെല്ലാം തീവ്രതയുടെ രൂപങ്ങളാ ണ്. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർ അറിഞ്ഞോ അറി യാതെയോ ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഉപകരണങ്ങളായി മാറു കയാണ്. മഹാൻമാരായ സഹാബത്തും സലഫുസ്സ്വാലിഹീങ്ങളും അസത്യത്തിന്റെ വക്താക്കളിൽ ഏറ്റവും നിന്ദ്യരായി കണ്ടത് ഖ വാരിജുകളെയാണ്. ഖവാരിജുകൾക്കെതിരിൽ അവർ പ്രത്യേകം ഗൗരവം പുലർത്തി. പല മഹാത്മാക്കളും അവർക്കെതിരിലുള്ള സൈനിക നീക്കങ്ങളിൽ പോലും പങ്കെടുത്തു. കാരണം, അവരു ടെ പാപം ഈ പറയപ്പെട്ട തീവ്രതയാണ്. ഖവാരിജുകൾ അലിയ്യ് (റ) യുടെ കാലഘട്ടത്തിലുണ്ടായി അവസാനിച്ചു എന്ന് നാം വി ചാരിക്കരുത്. ഖവാരിജുകൾ എല്ലാ കാലഘട്ടത്തിലും ഉണ്ടാകുമെ ന്ന് ഹദീസുകളിലൂടെ മനസ്സിലാക്കാൻ സാധിക്കും. (ഇബ്നു മാജ: 174) ഖിയാമത്തിന് മുമ്പുണ്ടാകുന്ന ഫിത്നകളിൽ ഒന്ന് ദജ്ജാല് പുറപ്പെടുന്നതിന് മുമ്പുള്ള ഖവാരിജുകളുടെ പ്രശ്നമാണ് എന്ന് വന്നിരിക്കുന്നു.

പുരോഗമനവാദത്തിന്റെ പേരിൽ നടക്കുന്ന കുഴപ്പങ്ങളാണ് ര ണ്ടാമത്തെ പ്രധാന പ്രശ്നം. സമുദായത്തിൽ കടന്നുകൂടുന്ന അ നാചാരങ്ങളെ ദൂരീകരിക്കുക എന്ന നിലയിൽ ഇത് നല്ലതാണെങ്കി ലും ഇതിന്റെ നിയന്ത്രണം വിടുകയാണെങ്കിൽ ദീനിലും ശരീഅ ത്തിലും ആശയപരമായ തിരിമറികൾക്കും മറിമായങ്ങൾക്കും വഴി

തുറക്കുന്നതാണ്. അതെ, ബുദ്ധിയെ ആരാധിക്കുകയും മനോച്ഛ ക്ക് അടിമപ്പെടുകയും ഇസ്‌ലാമിക വിരുദ്ധരുടെ പ്രചാരണങ്ങളിൽ ആകൃഷ്ടരായി ഭരണകൂടത്തിന്റെ സമ്മർദ്ദങ്ങൾക്ക് വഴങ്ങിയും ശ രീഅത്തിന്റെ നിയമങ്ങളിലും ആശയങ്ങളിലും മാറ്റം വരുത്താൻ പരിഷ്‌കരണത്തിന്റെ പേരിൽ ചിലർ ശ്രമിക്കുന്നു. ഇത് ഒരുതരം കാപട്യമാണ്. ഇതിനെ പ്രത്യേക ശ്രദ്ധയോടെ തിരിച്ചറിയുകയും അതിനെ ശക്തിയുക്തം തിരുത്തുകയും ചെയ്യൽ പണ്ഡിതൻമാ രുടെ പ്രധാന കർത്തവ്യമാണ്. പരിശുദ്ധ ഖുർആൻ-ഹദീസുകൾ കൊണ്ട് വ്യക്തമായ നിലയിൽ സ്ഥിരപ്പെടുകയും ഉമ്മത്ത് ഏകക ണ്ഠമായി ഏകോപിക്കുകയും ചെയ്ത കാര്യങ്ങളെപ്പോലും നിഷേ ധിക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. വ്യഭിചാരിക്കുള്ള ശിക്ഷ, പ്രവാ ചക നിന്ദ നടത്തുന്നവരെ വധിക്കുക, നിലവിലുള്ള പലിശ വ്യവ സ്ഥിതിയെ അംഗീകരിക്കുക, ആൺ-പെൺകുട്ടികൾ കൂടിക്കലർ ന്ന വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക, സൂഫി ഇസ്‌ലാം, ലി ബറൽ ഇസ്‌ലാം മുതലായ പേരുകൾ പടച്ചുണ്ടാക്കി ഇസ്‌ലാമി ന്റെ കാര്യങ്ങളെ നിന്ദിക്കുക എന്നിവകൾ ഈ കാപട്യത്തിന്റെയും പാശ്ചാത്യ അടിമത്തത്തിന്റെയും ഭാഗമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശ്വാസത്തിന്റെ ബലത്തിൽ പൊതുമുസ്‌ലിംകൾ ഈ ഫിത്നയിൽ നിന്നും സുരക്ഷിതരാണെ ങ്കിലും ആധുനിക വിദ്യാഭ്യാസം കരസ്ഥമാക്കുകയും പാശ്ചാത്യ പാഠശാലകളിൽ പഠിക്കുകയും ചെയ്ത പലരും ഇതിൽ പെട്ടെന്ന് ആകൃഷ്ടരാകുന്നുണ്ട്. കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ പാരമ്യ സന്ദർ ഭത്തിൽ സോഷ്യലിസത്തിന്റെയും പുരോഗമനത്തിന്റെയും കൊ ടുങ്കാറ്റ് ലോകമെങ്ങും അടിച്ചുവീശി. അതിന്റെ ഫലമായി യൂണി വേഴ്‌സിറ്റികളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരിൽ ഈ ചിന്താഗതി സ്വാധീനം ചെലുത്തി. മാത്രമല്ല, മുസ്‌ലിംകളെ ഒ റ്റപ്പെടുത്താനും തകർക്കാനും ആഗ്രഹിച്ച് ഗൂഢാലോചനകൾ ന ടത്തുന്നവർ ഈ രംഗം കൊഴുപ്പിക്കുകയും ചെയ്യുന്നു.

പരിശുദ്ധ ഖുർആനും പുണ്യഹദീസുകളും സുരക്ഷിതമായതി നാൽ അതിൽ അതിന്റെ അക്ഷരങ്ങളിൽ തിരിമറികൾക്ക് യാതൊ രു സാധ്യതയുമില്ല. എന്നാൽ, ആശയപരമായ മറിമായങ്ങൾ നട

ത്തുവാൻ ഇന്നും സാധ്യതയുണ്ട്. അത് നടത്തുന്നത് ചെറിയൊരു വിഭാഗമാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ വളരെ വേഗത്തിൽ സമൂഹത്തിൽ അത് പ്രചരിക്കാൻ സാധ്യതയുണ്ട്. ആകയാൽ ഇത്തരം പ്രശ്നങ്ങളിൽ നിന്നും ഉമ്മത്തിനെ സംരക്ഷിക്കൽ ഈ യുഗത്തിലെ നവോത്ഥാന സംരംഭം തന്നെയാണ്. ഇതിനെക്കുറിച്ച് റസൂലുല്ലാഹി (സ) മുൻകൂട്ടി ഉണർത്തിക്കൊണ്ട് അരുളി; ഓരോ കാലഘട്ടത്തിലുമുള്ള നീതിമാൻമാരായ വ്യക്തിത്വങ്ങൾ ഇസ്ലാമിക വിജ്ഞാനത്തെ യഥാവിധി പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ്. തീവ്രത കാട്ടുന്നവരുടെ തിരിമറികളിൽ നിന്നും അസത്യത്തിന്റെ വക്താക്കളുടെ തോന്ന്യവാസങ്ങളിൽ നിന്നും വിവരം കെട്ടവരുടെ ദുർവ്യാഖ്യാനങ്ങളിൽ നിന്നും അവർ ഇസ്ലാമിനെയും ഇസ്ലാമിക സന്ദേശങ്ങളെയും കാത്തുസൂക്ഷിച്ച് സംരക്ഷിക്കുന്നതാണ്. ആകയാൽ തീവ്രതയുടെയും പുരോഗമനത്തിന്റെയും പുത്തൻ പ്രവണതയിൽ നിന്നും സമൂഹത്തെ സംരക്ഷിക്കാൻ പണ്ഡിതർ മുന്നിട്ടിറങ്ങുക.

മൂന്നാമത്തെ പ്രധാനപ്പെട്ട കർത്തവ്യം ഇസ്ലാമിന്റെ ശത്രുക്കളെ യഥാവിധി നേരിടലാണ്. ശത്രുക്കളുടെ ഭാഗത്തു നിന്നും പല വിധത്തിലുള്ള അക്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്. ചിലയിടങ്ങളിൽ മുസ്ലിംകളെ ഉന്മൂലനം ചെയ്യാൻ പരിശ്രമങ്ങൾ നടക്കുന്നു. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ വർഗീയവാദത്തിന്റെ തീ കാറ്റ് ഉയർത്തുന്നു. മറ്റു ചിലയിടങ്ങളിൽ രാഷ്ട്രീയമായി തകർക്കാൻ ശ്രമങ്ങൾ നടക്കുന്നു. വേറെ ചിലയിടങ്ങളിൽ എന്നല്ല, ലോകം മുഴുവൻ സാമ്പത്തികമായി തകർക്കാനും നിഷിദ്ധമായ സമ്പത്ത് പ്രചരിപ്പിക്കാനുമുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. എന്നാൽ, ഇതിനെക്കാളെല്ലാം ഏറ്റവും ഗുരുതരവും ജാഗ്രതയോടെ നാം ശ്രദ്ധിക്കുകയും ചെയ്യേണ്ട ഒന്നാണ്, ചിന്താപരമായ പോരാട്ടം. കാരണം, ശത്രുക്കളുടെ മറ്റെല്ലാ പരിശ്രമങ്ങളെക്കാളും ഇതിന്റെ ഭവിഷ്യത്തും അപകടവും വലുതാണ്.

ഇസ്ലാമിക സന്ദേശങ്ങളുടെ ആശയ സമ്പൂർണ്ണത, ബുദ്ധിയോടും പ്രകൃതിയോടുമുള്ള ഇണക്കം, മനസ്സുകളേയും മസ്തിഷ്കങ്ങളേയും കീഴ്പ്പെടുത്താനുള്ള യോഗ്യത, ഓരോ കാലഘട്ടത്തി

ലേയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി, അസമാധാനം നിറഞ്ഞ മാനവരാശിക്ക് മാനസിക സമാധാനം നിറച്ചുകൊടുക്കാനുള്ള അസാധാരണമായ കഴിവ് ഇവകളാണ് ഇസ്‌ലാമിന്റെ ഏറ്റവും വലിയ ശക്തി. ഇതിലൂടെ എല്ലാ കാലഘട്ടത്തിലും ഇസ്‌ലാം ഇതര മത തത്വശാസ്ത്രങ്ങളെക്കാളെല്ലാം ഉയർന്ന് നിൽക്കുകയാണ്. ഈ അടിസ്ഥാനത്തിൽ ഇസ്‌ലാം മുമ്പും അജയ്യമായിരുന്നു. എന്നും ജേതാവായിരിക്കും. അതെ, മുസ്‌ലിംകൾ പരാജയപ്പെടാൻ സാധ്യതയുണ്ടെങ്കിലും ഇസ്‌ലാം ഒരിക്കലും പരാജയപ്പെടുന്നതല്ല. ഇസ്‌ലാമിന്റെ ശത്രുക്കൾ ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞിരിക്കുന്നു.

ആയിരക്കണക്കിന് പ്രയാസങ്ങളും പ്രശ്നങ്ങളും ഉണ്ടായിട്ടും ഇസ്‌ലാം ഈ ലോകത്ത് നിലനിൽക്കുന്നത് അതിന്റെ ആന്തരിക ശക്തി കൊണ്ടാണെന്ന് അവർ തിരിച്ചറിഞ്ഞിരിക്കുന്നു. അത്കൊണ്ട് സർവ്വവിധ ശക്തിയും സംഭരിച്ച് ഇസ്‌ലാമിന്റെ അടിവേരുകളെ അറുത്തുമാറ്റാൻ അവർ രംഗത്തിറങ്ങിയിരിക്കുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലും ഈ വഴിയിലൂടെയുള്ള പരിശ്രമങ്ങൾ നടത്തപ്പെട്ടുവെങ്കിലും അവ കൂടുതലും പുസ്തകങ്ങളുടെ അകത്തളങ്ങളിൽ മാത്രമായിരുന്നു. എന്നാൽ ഇന്ന് വ്യത്യസ്ത മാധ്യമങ്ങളിലൂടെ കുടിലുകളിലും കൊട്ടാരങ്ങളിലും ഓരോ വ്യക്തികൾക്കരികിലും ഇത്തരം കാര്യങ്ങൾ എത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. യഹൂദ-ക്രൈസ്തവ ലോബി നൂറ്റാണ്ടുകളായി ഇതിനെ ഉപയോഗിച്ചിരുന്നു. എന്നാൽ, ഇന്ന് ഇന്ത്യയിലെ വർഗ്ഗീയവാദികൾ ഈ വിഷയത്തിൽ അവരോടൊപ്പം പൂർണ്ണമായി ചേർന്നിരിക്കുകയാണ്. വിശിഷ്യാ, ഇസ്‌ലാമിന്റെ ജിഹാദിനെക്കുറിച്ചുള്ള സങ്കൽപത്തെ തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും അടിസ്ഥാനമായി ചിത്രീകരിക്കപ്പെടുന്നു. ജിഹാദിന്റെ ഖുർആൻ വചനങ്ങൾ തെരഞ്ഞെടുത്ത് അമുസ്‌ലിം സഹോദരങ്ങളെ കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിലെ പോരാട്ട സംഭവങ്ങളെ തെറ്റായ നിലയിൽ അവതരിപ്പിക്കുന്നു. ഇസ്‌ലാമിന്റെ നീതിയുക്തമായ കുടുംബനിയമങ്ങളെ സ്ത്രീ വിരുദ്ധവും അക്രമവുമായി വ്യാഖാനിക്കുന്നു. പർദ്ദ പിന്നോട്ടുള്ള യാത്രയാണെന്നും മുഗളൻമാരുടെ ആക്രമണങ്ങളുടെ ബാ

ക്കി പത്രമാണെന്നും പ്രചരിപ്പിക്കപ്പെടുന്നു.

സോഷ്യൽ മീഡിയകളിലൂടെ റസൂലുല്ലാഹി (സ) യുടെയും പവിത്ര പത്നിമാരായ ഉമ്മഹാതുൽ മുഅ്മിനീന്റെയും അനുഗ്രഹീത ജീവിതങ്ങളെ വികൃതമായി പ്രചരിപ്പിക്കപ്പെടുന്നു. ഇസ്‌ലാമിൽ വിട്ടുവീഴ്ച എന്നൊരു കാര്യം ഇല്ലെന്നും, മൃഗങ്ങളോടു പോലും അക്രമം കാണിക്കാൻ പ്രേരിപ്പിക്കുന്ന മതമാണെന്നും, ഇസ്‌ലാം പ്രചരിച്ചത് ആയുധബലത്തിലൂടെ മാത്രമാണെന്നും ആരോപിക്കപ്പെടുന്നു. വിശിഷ്യാ, ഇന്ത്യയിലെ മുസ്‌ലിം ഭരണകൂടങ്ങളുടെ ചരിത്രങ്ങളെ വ്യാജ ആരോപണങ്ങൾ കൊണ്ട് നിറക്കുന്നു. നീതിയിലും ന്യായത്തിലും മതസാഹോദര്യത്തിലും ഉദാത്തമാതൃകയായിരുന്ന വ്യക്തികളെന്ന് ഹൈന്ദവ പണ്ഡിതർ പോലും സമ്മതിച്ചിട്ടുള്ള നേതാക്കളെയും അക്രമികളായി മുദ്ര കുത്തപ്പെടുന്നു.

ചുരുക്കത്തിൽ പ്രിന്റ് മീഡിയ, ഇലക്ട്രോണിക് മീഡിയ, സോഷ്യൽ മീഡിയ ചെറുതും വലുതുമായ രചനകൾ, പ്രസംഗങ്ങൾ ഇവയിലൂടെ പരസ്പരം വെറുപ്പും തെറ്റിദ്ധാരണയും വളർത്തുവാൻ മാത്രം ഉപകരിക്കുന്ന നൂറ്കണക്കിന് ആരോപണങ്ങൾ ലോകം മുഴുവൻ പ്രചരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവിടെ നാം ഒരു കാര്യം മനസ്സിലാക്കുക, ഇത്തരം ആരോപണങ്ങൾക്ക് വിജ്ഞാനത്തിന്റെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ് മറുപടി നൽകേണ്ടത്. പൊതുജനങ്ങൾ വൈകാരികമായി പ്രതികരിക്കുന്നുണ്ടെങ്കിലും അവ ശരിയായ മറുപടിയല്ല. വൈകാരികമായ പ്രതികരണം അനുകൂലികളെപ്പോലും തൃപ്തിപ്പെടുത്തുന്നതല്ല. മാത്രമല്ല, മുസ്‌ലിംകളെ ഒറ്റപ്പെടുത്താൻ വേണ്ടിയും തകർക്കാൻ വേണ്ടിയും ആഗ്രഹിച്ച് ഗൂഢാലോചനകൾ നടത്തുന്നവർക്ക് വൈകാരിക പ്രവർത്തനങ്ങൾ ശക്തി മാത്രമാണ് പകരുന്നത്.

ആരോപണങ്ങൾക്ക് വൈകാരികമായി പ്രതികരിക്കുന്നവർ, ഇസ്‌ലാം തീവ്രവാദമാണ് എന്ന ആരോപണത്തിന് മുസ്‌ലിംകളുടെ പക്കൽ മറുപടിയും തെളിവും രേഖകളും ഒന്നുമില്ല എന്ന ധാരണക്ക് വർദ്ധനവ് മാത്രമെ ഉണ്ടാക്കുകയുള്ളു. ആകയാൽ സന്ദർഭത്തിന്റെ സങ്കീർണ്ണത തിരിച്ചറിയുകയും വൈജ്ഞാനികമായി ഇവകളെ നേരിടുകയും ചെയ്യൽ പണ്ഡിതൻമാരുടെ പ്രധാന കർത്തവ

്യമാണ്. ആഭ്യന്തര പ്രശ്നങ്ങൾക്കു വേണ്ടി സമയവും കഴിവും ചെലവഴിച്ചു കൊണ്ടിരിക്കുന്നവർ ഈ അതിഭയാനകമായ അക്രമങ്ങളെ നേരിടുന്നതിലേക്ക് തിരിയണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിജ്ഞാനത്തിന്റെയും തെളിവുകളുടെയും ശക്തിയോടൊപ്പം മാന്യതയും സംസ്കാരവും മുറുകെപ്പിടിച്ച് ഇത്തരം അവസ്ഥകളെ നേരിടാൻ നാം രംഗത്തിറങ്ങുക. ഇത് വലിയൊരു ജിഹാദാണ്.

പുണ്യഹദീസുകളിൽ അത്യുത്തമമായ ജിഹാദ് എന്ന പേരിൽ പരിചയപ്പെടുത്തിയിരിക്കുന്ന നാവ് കൊണ്ടുള്ള ജിഹാദ് ഇതുതന്നെയാണെന്ന് നാം തിരിച്ചറിയുക. വ്യത്യസ്ത കാലഘട്ടങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടായപ്പോൾ മുൻഗാമികളായ മഹത്തുക്കൾ ഇതിനെ ശക്തിയുക്തം നേരിട്ടിരുന്നു. വിശിഷ്യാ ഇന്ത്യാരാജ്യത്ത് മഹാൻമാരായ ഉലമാമഹത്തുക്കൾ ഈ വിഷയത്തിൽ വലിയ സേവനമാണ് അനുഷ്ടിച്ചിട്ടുള്ളത്. മൗലാനാ മുഹമ്മദ് ഖാസിം നാനൂത്തവി, മൗലാനാ സയ്യിദ് മുഹമ്മദലി റഹ്മാനി, മൗലാനാ റഹ്മത്തുല്ലാ ഉസ്മാനി, അല്ലാമാ ശിബ്‌ലി നുഅ്മാനി, മൗലാനാ അഷ്റഫലി ഥാനവി, അല്ലാമാ സയ്യിദ് സുലൈമാൻ നദ്‌വി, അല്ലാമാ അൻവർഷാ കശ്മീരി മുതലായ മഹത്തുക്കൾ മദ്റസകളുടെയും ഖാൻഖാഖുകളുടെയും പായകളിൽ ഇരുന്നുകൊണ്ട് പരിപൂർണ്ണ ഏകാഗ്രതയോടെ ഈ കർത്തവ്യം നിർവ്വഹിക്കുകയും ഇസ്‌ലാമിന് വേണ്ടി പ്രതിരോധിക്കുകയും ചെയ്തു. ഈ സിദ്ദീഖീ സുന്നത്തിനെ വീണ്ടും നിർവ്വഹിക്കുന്നതിന് മുഴുവൻ പണ്ഡിതൻമാരും സജ്ജരായി രംഗത്തിറങ്ങുക എന്ന് സാഹചര്യങ്ങൾ വ്യക്തമായി വിളിച്ചു പറയുന്നു.

നിഷേധത്തിന്റെയും മതഭ്രഷ്ടിന്റെയും ഈ അക്രമണം പാശ്ചാത്യലോകത്തു നിന്നും വീണ്ടും തിരിച്ചുവരിക മാത്രമല്ല, വൈജ്ഞാനിക കേന്ദ്രങ്ങളോടൊപ്പം മീഡിയകളും ഇത് പരത്തുന്നതിൽ വളരെ ആവേശം കാട്ടിക്കൊണ്ടിരിക്കുന്നു. ഇത്തരുണത്തിൽ ദീനിന്റെ ശരിയായ വിവരണവും ബുദ്ധിക്കും പ്രകൃതിക്കും തീർത്തും അനുയോജ്യമാണ് ഇസ്‌ലാമിക അധ്യാപനങ്ങളെന്നുള്ള വസ്തുതയും ലോകത്തിന് മനസ്സിലാക്കിക്കൊടുക്കൽ പണ്ഡിതരുടെ പ്രധാന ധർമ്മമാണ്.

മഹത്തുക്കളെ,

വർഗ്ഗീയശക്തികൾ മുസ്‌ലിംകളെ ഒറ്റപ്പെടുത്താൻ വേണ്ടി നടത്തുന്ന ശ്രമങ്ങളെ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മുസ്‌ലിംകൾ മറ്റു മതസ്ഥരുടെ ശത്രുക്കളാണെന്നും വെറും ഗതികേട് കൊണ്ട് മാത്രമാണ് അവർ ചിരിച്ച് കാട്ടുന്നതെന്നും ചെറിയ ഒരു അധികാരം ലഭിച്ചാൽ അമുസ്‌ലിംകളെയെല്ലാം കൊന്നൊടുക്കുമെന്നും അവർ ഇതര മതസ്ഥരിൽ പ്രചരിപ്പിക്കുന്നു ഇത്തരുണത്തിൽ സഹോദര സമുദായ അംഗങ്ങളുമായി നമ്മുടെ ബന്ധം നന്നാക്കാനും ഇസ്‌ലാമിൽ അമുസ്‌ലിംകളുമായിട്ടുള്ള ബന്ധത്തിന്റെ ഉത്തമവും ഉദാത്തവുമായ കാഴ്ചപ്പാടും മാതൃകയും കാട്ടിക്കൊടുക്കാനും പണ്ഡിതൻമാർ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു പ്രധാന കാര്യം നാം നന്നായി മനസ്സിലാക്കുകയും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുക. ഇസ്‌ലാമിക വീക്ഷണത്തിൽ സത്യമതം ഒന്നു മാത്രമേയുള്ളൂ, അത് ഇസ്‌ലാം ആണ്. ആദം (അ) ലൂടെ അതിന് തുടക്കം കുറിക്കുകയും അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി (സ) യിലൂടെ അത് പൂർത്തീകരിക്കപ്പെടുകയും ചെയ്തു. ഈ സൻമാർഗ്ഗത്തിൽ നിന്നും വിദൂരത്ത് നിലയുറപ്പിക്കുകയും മറ്റ് മതങ്ങൾ ഉണ്ടാക്കുകയും അവ സ്വീകരിക്കുകയും ചെയ്തവർ അസത്യത്തിലാണെങ്കിലും ഇസ്‌ലാം, ഇഹലോകജീവിതക്രമത്തിന്റെ അടിസ്ഥാനമെന്നോണം അവയുടെ സാധ്യതയും സാധുതയും അംഗീകരിച്ചിട്ടുമുണ്ട്. ഇസ്‌ലാം പറയുന്നു; എല്ലാ ജനങ്ങളും സത്യമതം സ്വീകരിക്കുകയും ശരീഅത്തിനനുസരിച്ച് ജീവിക്കുകയും ചെയ്യണമെന്ന് അല്ലാഹുവിങ്കൽ നിന്നും തീരുമാനിക്കപ്പെട്ടിട്ടില്ല. ആകയാൽ കുറെയാളുകൾ ദീൻ സ്വീകരിക്കുകയും കുറെയാളുകൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതിൽ അല്പവും അത്ഭുതപ്പെടേണ്ടതില്ല. (സൂറത്തുൽ മാഇദ; 38, സൂറ: ഹൂദ്; 118,119.) ഇതര മതങ്ങളുടെ സാധ്യത ഇസ്‌ലാം അംഗീകരിച്ച നിലക്ക് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഒരു ബഹുമതസമൂഹത്തിൽ ജീവിക്കുന്നതിന് യാതൊരു പ്രയാസവുമില്ല. ഞങ്ങളെക്കൂടാതെ വേറെയാരും ഉണ്ടാകാൻ പാടില്ല എന്ന വർഗ്ഗീയവാദികളുടെ കാഴ്ചപ്പാട് പുലർ

ത്തുന്നവർക്കു മാത്രമെ ഇതിൽ പ്രയാസമുണ്ടാകുകയുള്ളൂ.

ഒരു ബഹുമത സമൂഹത്തിൽ മുസ്ലിംകളുടെ ശൈലി എന്തായിരിക്കണം എന്ന വിഷയത്തെ പരിശുദ്ധ ഖുർആനും പ്രവാചക ചര്യയും വളരെ വ്യക്തമായും വിശദമായും പരാമർശിച്ചിട്ടുണ്ട്. റസൂലുല്ലാഹി (സ) യുടെ മുന്നിൽ സന്ധിയുമായി ബന്ധപ്പെട്ട് ശത്രുക്കൾ രണ്ട് ഫോർമുലകൾ സമർപ്പിക്കുകയുണ്ടായി. ഒന്ന്, ഇരുകൂട്ടരും ഇരുവരുടെയും ദൈവങ്ങളെ ആരാധിക്കുക. രണ്ട്, കുറച്ച് നാൾ ഞങ്ങളുടെ ദൈവങ്ങളെ താങ്കളും താങ്കളുടെ ആരാധ്യനെ ഞങ്ങളും ആരാധിക്കാം. ഈ രണ്ട് കാര്യങ്ങളും മുസ്ലിംകൾക്ക് സ്വീകാര്യമല്ലെന്ന കാര്യം വ്യക്തമാണ്. പ്രകാശവും ഇരുളും, രാവും പകലും ഒരുമിച്ചുകൂടുക സാധ്യമല്ലാത്തതു പോലെ തൗഹീദും ശിർക്കും ഒരുമിച്ചുകൂടുക സാധ്യമല്ല. എന്നാൽ, ഇതിനു പകരം പരിശുദ്ധ ഖുർആൻ മറ്റൊരു ഫോർമുല സമർപ്പിച്ചു. ഞങ്ങൾ കൊണ്ട് വന്ന മതത്തിൽ നിങ്ങൾക്ക് വിശ്വാസമില്ലെങ്കിൽ ഞങ്ങൾ നിങ്ങളെ അതിന് അല്പം പോലും നിർബന്ധിക്കുന്നില്ല. എന്നാൽ, ഈ മതം സ്വീകരിച്ചവരെ നിങ്ങളും ബുദ്ധിമുട്ടിക്കരുത്. നാം ഇരുകൂട്ടർക്കും അവരവരുടെ ആരാധനാശൈലികളിലും മതത്തിലും നിലയുറപ്പിക്കാം.(സൂറ:കാഫിറൂൻ) ഈ അടിസ്ഥാനത്തിലാണ് റസൂലുല്ലാഹി (സ) മദീനയിൽ വന്നയുടനെ യഹൂദികളുമായി ഐതിഹാസികമായ ഒരു കരാർ നടത്തുകയും മുസ്ലിംകളു യഹൂദികളും അവരവരുടെ മതമനുസരിച്ച് ജീവിക്കുന്നതാണെന്ന് അതിൽ പ്രഖ്യാപിക്കുകയും ചെയ്തത്. തുടർന്നുള്ള എല്ലാ കാലഘട്ടത്തിലും മുസ്ലിംകളുടെ കാഴ്ചപ്പാടും ഇതു തന്നെയായിരുന്നു.

ഇന്ത്യ രാജ്യത്ത് കഴിഞ്ഞു കടന്ന മഹാത്മാക്കളും സൂഫിവര്യന്മാരും ഇതേ മാർഗത്തിലൂടെയാണ് സഞ്ചരിച്ചത്. സ്വാതന്ത്ര്യ സമരത്തിന് തുടക്കം കുറിച്ച സയ്യിദ് അഹ്മദ് ശഹീദ് (റഹ്) ഹൈന്ദവരുമായി നല്ലനിലയിൽ ബന്ധപ്പെട്ടിരുന്നു. ശൈഖുൽ ഹിന്ദ് മൗലാനാ മഹ്മൂദ് ഹസൻ ഹൈന്ദവരുടെ ഉത്തമ സുഹൃത്തായിരുന്നു. മൗലാനാ ആസാദ്, മൗലാനാ മദനി, മൗലാനാ അബുൽ മഹാസിൻ സജ്ജാദ് മുതലായ നേതാക്കൾ ഗാന്ധിജി, നെഹ്റു പോലുള്ള നേ

താക്കളുമായി സഹകരിച്ചിരുന്നു. തൽഫലാമായിട്ടാണ് ഇന്ത്യയുടെ മഹത്തായ മതേതര ഭരണ ഘടന നിലവിൽ വന്നത്. ഇവരുടെ പരസ്പര സഹകരണമില്ലായിരുന്നുവെങ്കിൽ വർഗീയവാദികൾ ഇന്ന് ആഗ്രഹിക്കുന്ന ദുഷിച്ച ലക്ഷ്യങ്ങൾ 1947-ൽ തന്നെ അവർ നേടിയെടുക്കുമായുരുന്നു. ഇന്ന് അവസ്ഥകൾ വളരെ അപകടകരമായ നില പ്രാപിച്ചിരിക്കുകയാണ്. ആകയാൽ, അമുസ്ലിംകളുമായി മാനുഷിക വിഷയങ്ങളിൽ ഉത്തമ ബന്ധം ഉണ്ടാക്കിയെടുക്കാനും വളർത്താനും പണ്ഡിത വ്യക്തിത്വങ്ങൾ മുന്നിട്ടിറങ്ങേണ്ടതാണ്. അല്ലാത്തപക്ഷം മുസ്ലിംകളെ ഒറ്റപ്പെടുത്താനും പ്രാന്തവൽക്കരിക്കാനും വളരെയധികം സാധ്യതയുണ്ട്.

വർഷത്തിൽ ഒരിക്കലാണ് പ്രധാന സെമിനാറുകൾ കൂടാറുള്ളതെങ്കിലും വിഷയങ്ങളുടെ ആധിക്യവും ആവശ്യങ്ങളുടെ പ്രേരണക്കും അനുസൃതമായി ഇടക്കിടക്ക് വേറെയും സദസ്സുകൾ സംഘടിപ്പിക്കാറുണ്ട്. ഇത്തരം സുപ്രധാനമായ സെമിനാറുകളിലെ 24-ാം സെമിനാറാണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. ധാരാളം വർക്ക്ഷോപ്പുകളും പഠന സദസ്സുകളും മറ്റു പലപ്പോഴായി നടത്തപ്പെട്ടിട്ടുമുണ്ട്. നൂറ്റിഅമ്പതിലേറെ പ്രസിദ്ധീകരണങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ രണ്ടു പ്രസിദ്ധീകരണങ്ങൾ പ്രത്യേകം സ്മരണീയമാണ്. ഒന്ന് 45 ഭാഗങ്ങളിലായി കുവൈറ്റ് ഔഖാഫ് ക്രോഡീകരിച്ച ഫിഖ്ഹ് വിജ്ഞാന കോശത്തിന്റെ ഉർദു പരിഭാഷ. രണ്ട്, ഫിഖ്ഹ് സെമിനാറിലേക്കുള്ള പ്രബന്ധങ്ങളും ചർച്ചകളും ക്രോഡീകരിക്കപ്പെട്ട പ്രത്യേക പതിപ്പുകൾ. ഇത് അമ്പതിലേറെ ഭാഗങ്ങൾ കടന്നു കഴിഞ്ഞു. വ്യത്യസ്ഥ സംഘടനകളിൽപ്പെട്ട പണ്ഡിതൻമാരെ ഒരു വേദിയിൽ ഒരുമിച്ചു കൂട്ടൽ അക്കാദമിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. ശാഫിഈ മദ്ഹബുമായി ബന്ധപ്പെട്ട സഹോദരങ്ങൾ അധികമായി താമസിക്കുന്ന ഒരു നാട്ടിലാണ് ഈ സെമിനാർ നടക്കുന്നത് എന്നതിൽ ഞങ്ങൾക്ക് വലിയ സന്തോഷമുണ്ട്. വ്യത്യസ്ഥ മദ്ഹബുകളിൽപ്പെട്ട ഉലമാക്കൾ പരസ്പരം ബന്ധപ്പെടാനും മദ്ഹബുകളെ പരസ്പരം അടുപ്പിക്കാനും ഇത് കാരണമാകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

അക്കാദമിയുടെ ഈ സെമിനാറിന്റെ ആതിഥേയത്വം നൽകണ മെന്ന് യുവപണ്ഡിതനായ അബ്ദുശ്ശകൂർ ഖാസിമി വളരെ സ്നേ ഹത്തോടെയും ആത്മാർത്ഥതയോടെയും ഞങ്ങളോട് അഭ്യർത്ഥി ച്ചു. തുടർന്ന്, അദ്ദേഹവും സഹോദരങ്ങളും കഠിനമായ ത്യാഗങ്ങൾ ചെയ്ത് ഇപ്പോൾ നമുക്കു വേണ്ടി അവർ അവരുടെ കണ്ണുകളും കരളുകളും വിരിച്ച് നമ്മെ ഇവിടേക്കു സ്വീകരിച്ചിരിക്കുകയാണ്. ദാറുൽ ഉലൂം, ഓച്ചിറ സ്ഥാപിതമായി അധികം നാളുകളായിട്ടില്ല. എങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പുതിയ സ്ഥാപ നം വളരെ വേഗത്തിൽ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ സ്ഥാപനവുമായി ബന്ധപ്പെട്ടവരുടെ ത്യാഗമനസ്ഥിതിയും ആ ത്മാർത്ഥതയും ഇതിനു മഹത്തായ ഒരു ഭാവിയുണ്ട് എന്നു വിളി ച്ചറിയിക്കുന്നു. അല്ലാഹു ആ നിലയിൽ ഈ സ്ഥാപനത്തെ ഉയർ ത്തുകയും വളർത്തുകയും ചെയ്യട്ടെ!

ഒരു പ്രസ്ഥാനത്തിന്റെ യഥാർത്ഥ മൂലധനം അതുമായി ബന്ധ പ്പെട്ട വ്യക്തിത്വങ്ങളാണ്. ഓൾ ഇന്ത്യാ ഇസ്‌ലാമിക് ഫിഖ്ഹ് അ ക്കാദമിയുടെ വലിയ ഒരു സൗഭാഗ്യമാണ് ഇതിന്റെ ആദ്യം മുതൽ ഇന്നു വരെയും ഇത്തരം വ്യക്തികളുടെ സഹകരണം ഇതിനു ല ഭിച്ചിരിക്കുന്നു എന്നത്. വിജ്ഞാന പഠനങ്ങളുടെയും ഫിഖ്ഹ് ഫ ത്‌വകളുടെയും നക്ഷത്രങ്ങളായിരുന്ന മഹത്തുക്കൾ എന്നും ഇതി നെ താലോലിക്കുകയുണ്ടായി. പ്രകാശിക്കുന്ന ചിന്തയുടെയും വേ ദനയുള്ള മനസ്സിന്റെയും സംഗമമായിരുന്ന മൗലാനാ ഖാളീ മുജാ ഹിദുൽ ഇസ്‌ലാം ഖാസിമിയാണ് ഇതിനു തുടക്കം കുറിച്ചത്. മു ഫക്കിറുൽ ഇസ്‌ലാം അല്ലാമാ അബുൽഹസൻ അലി നദ്‌വി, അമീ റെ ശരീഅത്ത് അല്ലാമാ സയ്യിദ് മിന്നത്തുല്ലാഹ് റഹ്മാനി, അല്ലാ മാ സഊദ് അഹ്മദ് ബാഖവി, മൗലാനാ മുഫ്തി നിളാം അഅ്സ മി, മൗലാനാ മുഫ്തി അബ്ദുർറഹീം രാജ്പൂരി റഹിമഹുമുല്ലാഹ് തുടങ്ങിയ പണ്ഡിതപടുക്കൾ അക്കാദമിയുടെ ആദ്യത്തെ മേൽനോ ട്ടക്കാരാണ്.

വിശ്വപണ്ഡിതൻമാരായ മൗലാനാ മുഹമ്മദ് സാലിം ഖാസിമി, മൗലാനാ സയ്യിദ് മുഹമ്മദ് റാബിഅ് ഹസനി നദ്‌വി, മൗലാനാ സ

യ്യിദ് നിസാമുദ്ദീൻ എന്നീ മഹത്തുക്കളാണ് ഇന്ന് ഇതിന്റെ മേൽ നോട്ടം വഹിക്കുന്നത്. അല്ലാഹു ഇവർക്ക് ദീർഘായുസ്സ് നൽകു മാറാകട്ടെ.! അക്കാദമി സ്ഥാപകന്റെ വിയോഗത്തിനു ശേഷം പ്ര സിദ്ധ പണ്ഡിതവര്യനായിരുന്ന മൗലാനാ മുഫ്തി സഫീറുദ്ദീൻ മി ഫ്താഹി ഇതിന്റെ അദ്ധ്യക്ഷനായിരുന്നു. ഇപ്പോൾ ഉസ്താദുൽ അസാതിദ മൗലാനാ നിഅ്മത്തുല്ലാഹ് അഅ്സമി ഇതിന്റെ നായ കത്വം വഹിക്കുന്നു. ഫിഖ്ഹിൽ അഗാധ പാണ്ഡിത്യമുള്ള മൗലാ നാ ബുർഹാനുദ്ദീൻ സംഭലി, മൗലാനാ മുഫ്തി അഷ്റഫ് അലി ബാഖവി, മൗലാനാ ബദർ ഹസൻ ഖാസിമി, മൗലാനാ ഖാളീ അ ബ്ദുൽ അഹദ് അസ്ഹരി എന്നിവർ ഇതിന്റെ ഉപാദ്ധ്യക്ഷൻമാരാ ണ്.

പ്രഗത്ഭ പണ്ഡിതരായ മൗലാനാ ഉബൈദുല്ലാഹ് അസ്അദി, മൗലാനാ അതീഖ് അഹ്മദ് ഖാസിമി, മൗലാനാ അമീൻ ഉസ്മാ നി, മൗലാനാ മുഫ്തി അഹ്മദ് എന്നീ മഹത്തുക്കൾ ഇതിന്റെ സെ ക്രട്ടറിമാരായി വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്നു. മൗലാ നാ സുബൈർ അഹ്മദ് ഖാസിമി, മൗലാനാ അനീസുർറഹ്മാൻ ഖാസിമി, മൗലാനാ അഹ്മദ് ഖാസിം മുസഫ്ഫർപൂരി, മൗലാനാ മുഫ്തി അഹ്മദ് ഖാൻപൂരി, ഡോ. മൻസൂർ ആലംഎന്നീ വ്യക്തി ത്വങ്ങൾ അടങ്ങിയ ഒരു കൂട്ടമാണ് ഇതിന്റെ പരിപാടികൾ നിയ ന്ത്രിക്കുന്നത്. ഇവരുടെ വൈജ്ഞാനിക ചിന്താ മഹത്വങ്ങൾ ഇ ന്ത്യ മുഴുവൻ അറിയപ്പെട്ടതാണ്. വിജ്ഞാനത്തിന്റെയും മഹത്വങ്ങ ളുടെയും ഈ അനുഗ്രഹീത സംഘത്തിൽ ഈ സാധുവും എളിയ സേവനങ്ങൾ അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു.

അക്കാദമിയുടെ കാര്യങ്ങൾ മൂന്നു ഭാഗങ്ങളാണ്. വൈജ്ഞാ നിക വിഷയങ്ങൾ, നടത്തിപ്പിന്റെ വിഷയങ്ങൾ, പ്രചാരണ വിഷയ ങ്ങൾ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മൂന്നു മേഖലകളി ലും വളരെ സമർത്ഥൻമാരായ പ്രവർത്തകർ രാപ്പകലുകൾ കഠി നാദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ്. അക്കാദമിയുടെ ഏറ്റ വും വലിയ മൂലധനം ബഹുമാന്യ പണ്ഡിതമഹത്തുക്കളായ നി ങ്ങളോരോരുത്തരുമാണ്. നിങ്ങളുടെ നിഷ്കളങ്കമായ സഹകരണം

ഓരോ ഘട്ടങ്ങളിലും അക്കാദമിക്ക് വലിയ മുതൽക്കൂട്ടാണ്. നിങ്ങളുടെ വിലയേറിയ സഹകരണം ഇല്ലായിരുന്നുവെങ്കിൽ ഒരു പക്ഷെ, അക്കാദമി ഇവിടം വരെയും എത്തിച്ചേരുകയില്ലായിരുന്നു. അല്ലാഹു സുബ്ഹാനഹു വതആലാ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ! അവനു പൊരുത്തമായ നിലയിൽ ജീവിച്ച് അവന്റെ പൊരുത്തം സമ്പാദിക്കാൻ അല്ലാഹു നാമെല്ലാവർക്കും ഉതവി നൽകുമാറാകട്ടെ!

വആഖിറു ദഅ്വാനാ അനിൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ.

❖